## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5135　　　22.05.2017 -ലെ മറുപടി

### നദീ സംരക്ഷണ പദ്ധതികൾക്കായി തെരഞ്ഞെടുക്കപ്പെട്ട നദികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻ കുട്ടി<br>" സി.കെ.നാണു<br>" എ.കെ.ശശീന്ദ്രൻ<br>" കെ.ബി.ഗണേഷ് കുമാർ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നദീ സംരക്ഷണ പദ്ധതികൾക്കുവേണ്ടി എതൊക്കെ നദികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; | (എ) പമ്പാ നദി |
| (ബി) ഇതിലേക്ക് കേന്ദ്ര സഹായത്തിനായി പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) പമ്പാ നദിയുടെ സംരക്ഷണം ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സഹായത്തിനായി പമ്പാ ആക്ഷൻ പ്ലാൻ Phase-1 എന്ന പദ്ധതി 2001-ൽ തയ്യാറാക്കി സമർപ്പിക്കുകയും 2003-ൽ ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ കാലാവധി 2017 മാർച്ച് 31 വരെ ആയിരുന്നു. |
| (സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക കേന്ദ്രം അനുവദിച്ചുവെന്നും ഇത് ഏതൊക്കെ പദ്ധതികൾക്കെന്നും വ്യക്തമാക്കുമോ ? | (സി) പമ്പാ ആക്ഷൻ പ്ലാൻ Phase-1 നായി 70:30 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവു പങ്കിടുന്ന വ്യവസ്ഥയിൽ 18.45 കോടി രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചത്. 01/04/2015 മുതൽ ഫണ്ടിന്റെ അനുപാതം 50:50 ആക്കിയിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്ര വിഹിതം 12.886 കോടി രൂപയാണ്. ഇതിൽ 2.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നീ വകുപ്പുകൾക്കാണ് ഈ തുക അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ